

G.M.L.P.S
കടവല്ലൂർ

# Academic Master Plan 2025-26

## Govt. M.L.P.S Kudavoor

## ഉള്ളടക്കം

- ആമുഖം
- വിദ്യാഭ്യാസ ചരിത്രം
- മികവുകൾ
- പോരായ്മകൾ
- സ്കൂൾ വിവരങ്ങൾ
- വിഷയങ്ങൾ പ്രവർത്തനങ്ങൾ
- ഉപസംഹാരം

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഗവ. എം. എൽ. പി. എസ്. കല്ലുവൂർ എന്ന ഈ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കു വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സ്ഥാപനതലമായ പ്രധാന രേഖയാണ്. പി.ടി.എ, എസ്.എം.സി, സ്റ്റാഫ് അംഗങ്ങൾ എന്നിവരുടെ സഹകരണത്തോട് കൂടി ചിട്ടയായ വിലയിരുത്തൽ പ്രക്രിയയിലൂടെയാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# വിദ്യാഭ്യാസ ചരിത്രം

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ കിളിമാനൂർ ഉപജില്ലയിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവ.എം.എൽ.പി. എസ് കുടവൂർ. നാവായിക്കുളം പഞ്ചായത്തിലെ കുടവൂർ വില്ലേജിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1920-ൽ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്താണ് സ്കൂൾ നിലവിൽ വന്നത്. തുടമ്പാട് തെന്നിക്കുന്നത്തു വീട്ടിൽ എൻ. നീലകണ്ഠകുറുപ്പിന്റെ പേരിലാണ് കുടവൂർ മുഹമ്മദ് എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ എന്ന പേരിൽ ഈ വിദ്യാലയം ആരംഭിച്ചത്. കുടവൂർ ദേശത്തുള്ള കേശവകുറുപ്പെന്ന ആളിൽ നിന്ന് ശ്രീ. നീലകണ്ഠകുറുപ്പ് സ്കൂൾ നിൽക്കുന്ന 50 സെന്റ് സ്ഥലം വാങ്ങി ഷെഡ് നിർമ്മിച്ച് അവിടെ സ്കൂൾ ആരംഭിച്ചു. ഒന്നു മുതൽ അഞ്ച് വരെ ക്ലാസുകൾ ആണ് ഉണ്ടായിരുന്നത്. ശ്രീ. നീലകണ്ഠക്കുറുപ്പ് അവിടുത്തെ ആദ്യത്തെ പ്രഥമാധ്യാപകനും കുടവൂർ ആലുവിള വീട്ടിൽ ആനന്ദൻപിള്ള ആദ്യ വിദ്യാർത്ഥിയും

ആയിരുന്നു. 1920-ൽ ആരംഭിച്ച ഈ സ്ഥാപനം 1947-ൽ
സർക്കാരിന് വിട്ടുകൊടുത്തു. അങ്ങനെയാണ്
ഗവ. എം. എൽ. പി. എസ് കുടവൂർ എന്ന പേരിൽ
അറിയപ്പെടാൻ തുടങ്ങിയത്.

## മികവുകൾ

→ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ
അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി
കൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും
കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ
സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

→ 2024-25 അക്കാദമിക വർഷത്തിൽ സബ്ജില്ലാ
കലോത്സവത്തിൽ മികവാർന്ന വിജയം കൈവരിക്കാൻ
സ്കൂളിനു സാധിച്ചു. സംഘഗാനം, ദേശഭക്തിഗാനം
തുടങ്ങി ഗ്രൂപ്പ് ഇനങ്ങൾക്ക് A ഗ്രേഡും പദ്യംചൊല്ലൽ
മാപ്പിളപ്പാട്ട്, ആംഗ്യപ്പാട്ട് മലയാളം, ഇംഗ്ലീഷ്, കഥാകഥനം
പ്രസംഗം മലയാളം തുടങ്ങി വ്യക്തിഗത ഇനങ്ങൾക്ക്
A ഗ്രേഡും ലഭിക്കുകയുണ്ടായി.

→ നാടോടിനൃത്തം, ലളിതഗാനം, up പദ്യംചൊല്ലൽ,
ജലച്ചായം ഇവയ്ക്ക് B ഗ്രേഡും പെൻസിൽ, കഥാരചന
ഇവയ്ക്ക് C ഗ്രേഡും ലഭിച്ചു.

→ മോണോ ആക്ട് വിഭാഗത്തിൽ A ഗ്രേഡും മൂന്നാം സ്ഥാനവും ലഭിച്ചു.

→ പ്രവൃത്തി പരിചയ മേളയിൽ കയർ ചവിട്ടി നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ് തുടങ്ങി ഇനങ്ങളിൽ B ഗ്രേഡ് ലഭിക്കുകയുണ്ടായി.

→ ശാസ്ത്രോത്സവത്തിൽ UP തലം പസിലിന് A ഗ്രേഡും ജ്യോമട്രിക്കൽ ചാർട്ടിന് B ഗ്രേഡും ലഭിച്ചു.

→ ശാസ്ത്രോത്സവത്തിൽ LP തലം ചാർട്ടിന് A ഗ്രേഡും സിമ്പിൾ എക്സ്പെരിമെന്റിന് A ഗ്രേഡും ലഭിച്ചു.

→ ശാസ്ത്രോത്സവം UP തലം പസിലിന് A ഗ്രേഡ് ലഭിച്ചു.

→ സബ്ജില്ലാ കായിക മേളയിൽ ഒട്ടുമിക്ക ഇനങ്ങളിലും പങ്കെടുക്കാൻ കുട്ടികൾക്ക് സാധിച്ചു.

→ പേപ്പട്ടിവിഷബാധ, അനീമിയ തുടങ്ങിയ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. അനീമിയ അറിയുന്നതിനായുള്ള ഹെൽത്ത് ചെക്കപ്പും നാവായിക്കുളം ഹെൽത്ത് സെന്ററിൽ നിന്നും ലഭിക്കുകയുണ്ടായി.

→ അക്ഷരമുറ്റം ക്വിസ്, സ്വദേശിമെഗാക്വിസ് എന്നിവയിൽ പങ്കെടുത്ത് മികവാർന്ന വിജയം കൈവരിക്കാൻ സാധിച്ചു.

→ ഗാന്ധിദർശൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗാന്ധി ജയന്തിദിനത്തിൽ ലോഷൻ നിർമ്മാണം നടത്തി.

→ ഇക്കോ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന കൂൺ പരിശീലനത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുവാൻ സാധിച്ചു.

→ 2024-2025 അധ്യയന വർഷത്തിൽ LSS പരീക്ഷയിൽ മികവാർന്ന വിജയം കൈവരിക്കുവാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ആറ് കുട്ടികൾ പരീക്ഷ എഴുതിയതിൽ മൂന്ന് പേർ LSS ജേതാക്കളായി.

→ ഹെൽപ്പിങ് ഹാൻഡ് പ്രോജക്ടായ SPEAK EASY മികച്ച രീതിയിൽ പ്രാവർത്തികമാക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

→ സ്കൂളിൽ അംഗീകൃതമല്ലാത്ത ഒരു പ്രീപ്രൈമറി പ്രവർത്തിച്ചുവരുന്നു. മുൻ ഹെഡ്മിസ്ട്രസ് ആയ ശ്രീമതി. അംബികടീച്ചറിന്റെ നേതൃത്വത്തിൽ ആരംഭിച്ച പ്രീപ്രൈമറിയിൽ ഒരു അധ്യാപികയുണ്ട്. ഈ അധ്യാപികയുടെ വേതനം അധ്യാപകർ ആണ് നൽകുന്ന

## പോരായ്മകൾ

→ പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

→ ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാകുന്നില്ല. കുട്ടികൾക്ക് വേണ്ടുന്ന തരത്തിൽ ഉള്ള ലൈബ്രറി സജ്ജീകരണം സ്കൂളിലില്ല.

→ കുട്ടികളുടെ കായിക പരിശീലനത്തിന് ആവശ്യമായിട്ടുള്ള ഒരു കളിസ്ഥലം ഇല്ല.

→ സ്കൂളിലെ മാലിന്യസംസ്കരണത്തിന് ആവശ്യം വേണ്ടുന്ന വേസ്റ്റ് ബിന്നുകൾ ഇല്ല.

→ കുട്ടികൾക്ക് കമ്പ്യൂട്ടർ പഠനം നടത്തുന്നതിന് വേണ്ടിയിട്ടുള്ള മതിയായ ലാപ്ടോപ്പുകൾ ഈ വിദ്യാലയത്തിലില്ല.

→ ഓരോ ക്ലാസിലേക്കും ആവശ്യമായിട്ടുള്ള പ്രൊജക്ടറുകളുടെ ലഭ്യതക്കുറവുമുണ്ട്.

→ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉണ്ടാകുന്നില്ല.

→ പൂർവ്വവിദ്യാർത്ഥി സംഘടന വേണ്ടത്ര രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ. എം. എൽ. പി. എസ്. കുടവൂർ |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| സ്കൂൾ കോഡ് | : | 42436 |
| മേൽവിലാസം | : | ഞാറയിൽകോണം പി.ഒ<br>കുടവൂർ, നാവായിക്കുളം<br>തിരുവനന്തപുരം ജില്ല.<br>695602 |
| ഇ. മെയിൽ | : | gmlpskudavoor@gmail.com |
| ഗ്രാമപഞ്ചായത്ത് | : | നാവായിക്കുളം |
| വിദ്യാഭ്യാസജില്ല | : | ആറ്റിങ്ങൽ |
| സബ്ജില്ല | : | കിളിമാനൂർ |
| ക്ലാസ്സുകൾ | : | ഒന്നു മുതൽ അഞ്ച് വരെ |
| സ്കൂൾ വിഭാഗം | : | പൊതുവിദ്യാലയം |

## സ്ഥിതിവിവരകണക്ക്

| | | |
|---|---|---|
| ആൺകുട്ടികൾ | : | 29 |
| പെൺകുട്ടികൾ | : | 14 |
| ആകെ കുട്ടികൾ | : | 43 |

# മലയാളം

## ആമുഖം

കുട്ടികളുടെ സമഗ്രവികാസമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിൽ കൂടുതൽ അവബോധം ഉണ്ടാക്കാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തനസാധ്യതകളുള്ളതുമായ വിവിധ പദ്ധതികളാണ് അവതരിപ്പിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം മധുരം<br>* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. | കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കഥോത്സവം, വായന ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | PTA |
| സംയുക്ത ഡയറി<br>* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. | ജൂൺ മുതൽ ആരംഭിക്കുന്നു. എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ രക്ഷിതാക്കൾ | SSK |
| പാട്ടരങ്ങ്<br>* താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് കവിതകളും ഈണം നൽകി അവതരിപ്പിക്കുന്നു. | പാട്ടരങ്ങ് ജൂണിൽ ആരംഭിക്കുന്നു. പാട്ട് അവതരണവും ആവിഷ്കാരവും നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| * രചനാകുറിപ്പുകൾ തയ്യാറാക്കൽ<br>* രചനകൾ ഭാവാത്മകമായി വായിക്കും. | കുട്ടികൾ വായിച്ച വായനാഭാഗത്തിന്റെ രചനാകുറിപ്പുകൾ തയ്യാറാക്കുന്നു.<br>- ശേഖരിച്ച രചനാകുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കൽ | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ | |
| * സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കുക. | → കൃഷിയിടം സന്ദർശനം<br>→ കൃഷിപ്പാട്ടുകൾ അവതരണം | ഒക്ടോബർ-നവംബർ | ക്ലാസ് അധ്യാപകർ SRG | |
| വായിക്കാം<br>* സ്വന്തമായി എഴുതിയും വായിച്ചും ഉറപ്പിക്കുന്നു. | - പതിപ്പുകൾ തയ്യാറാക്കുന്നു<br>- വായനാകാർഡുകൾ തയ്യാറാക്കുന്നു<br>- ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപകർ ക്ലബുകൾ | PTA |

| | | | | |
|---|---|---|---|---|
| സചിത്ര പുസ്തകം രണ്ടാം ക്ലാസ്സിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തകത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു. | സചിത്ര ബുക്കുകൾ (വർക്ക് ബുക്ക് രൂപത്തിൽ തയ്യാറാക്കിയത്) കുട്ടികൾക്ക് വിതരണം ചെയ്യുന്നു. | ജൂൺ | ക്ലാസ് അധ്യാപകർ | PTA |
| റീഡേഴ്സ് തിയേറ്റർ ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | എല്ലാ കുട്ടികളെയും പങ്കാളികളാക്കി തെരഞ്ഞെടുത്ത പാഠഭാഗങ്ങൾ, ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക. - പഠനോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ അവതരണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഡയറി എഴുത്ത്<br>* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നു. | ഡയറി എഴുത്ത് മെച്ചപ്പെടുത്തൽ നടത്തുന്നു<br>* സംഭാഷണമെഴുത്ത് കഥാപാത്രങ്ങളുടെ സംഭാഷണം എഴുതി അവതരണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | |
| ആസ്വദിച്ച ഭാഷാ രൂപങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുന്നു. | * നാടൻപാട്ട് ശേഖരണം<br>* പഴഞ്ചൊല്ലുകൾ ശേഖരണം<br>* കഥാശേഖരം<br>* നാടൻ കഥകളുടെ അവതരണം<br>* പാവനാടകത്തെ അടുത്തറിയാം | ജൂൺ മുതൽ ജൂലൈ | ക്ലാസ്സ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സർഗാത്മക ഡയറി<br>* കുട്ടികളുടെ സ്വതന്ത്രരചന വർധിപ്പിക്കുന്നു. | കുട്ടികളുടെ സ്വതന്ത്രരചന നടത്തുന്നു. സർഗാത്മക ഡയറി എഴുതുന്നതിനായി ഒരു കാഴ്ച തിരഞ്ഞെടുക്കുന്നു. അതിനെ ഭാവാത്മകമായി ചിത്രീകരിക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകർ | PTA |
| അനുയോജ്യമായ ഭാവം, ശബ്ദം, അർത്ഥം പ്രകടമാകുന്ന ഈണങ്ങൾ എന്നിവയോടെ വായിച്ച് അവതരിപ്പിക്കുന്നതിനും രചനയ്ക്കും. | ബാലസാഹിത്യകൃതികൾ വായിക്കുന്നതിനും പാഠഭാഗങ്ങൾ വായിക്കുന്നതിനും വ്യത്യസ്ത വ്യവഹാരങ്ങൾ പരിചയപ്പെടുന്നതിനുമുള്ള അവസരം നൽകൽ. | ആഗസ്റ്റ്-സെപ്റ്റംബർ | ക്ലാസ് ടീച്ചർ ലൈബ്രറി | PTA |

| | | | | |
|---|---|---|---|---|
| വ്യത്യസ്ത വായന സന്ദർഭങ്ങളിലൂടെ സ്വതന്ത്ര വായനയ്ക്കും രചനയ്ക്കും അവസരം നൽകുക. | → മാഗസിൻ നിർമ്മാണം ഒന്നാം ക്ലാസുകാരുടെ കുഞ്ഞെഴുത്തുകൾ ചേർത്ത് മാഗസിൻ നിർമ്മിച്ച് പ്രകാശനം ചെയ്യുന്നു.<br>→ സ്കൂളിൽ പ്രദർശിപ്പിച്ച ചാർട്ടിൽ കുട്ടികൾ അവർക്ക് ഇഷ്ടപ്പെട്ട വാക്കുകളോ വാക്യങ്ങളോ ദിവസവും എഴുതുന്നു. | ഫെബ്രുവരി-മാർച്ച്<br>ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ<br>ക്ലാസ് അധ്യാപകർ | PTA |
| ദിന പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു. | → സ്കൂളിലെ ദൈനംദിന കാര്യങ്ങൾ തെറ്റില്ലാതെ ഡയറിയിൽ എഴുതാൻ കഴിവ് നേടുന്നു.<br>→ ദൈനംദിനകാര്യങ്ങൾ വാർത്താരൂപത്തിൽ നല്ലതെറ്റോടെ എഴുതാൻ കഴിയുന്നു. | ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകർ. | PTA |

# ഗണിതം

## ആമുഖം

ഗണിതപ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിവാക്കാൻ പറ്റാത്ത ഒന്നാണ്. ഭാവിയിലും ശാസ്ത്രത്തിലും മറ്റ് ഇതരപ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ജീവിതത്തിൽ ഗണിതം ഇല്ലാതെ ഒന്നുമില്ല എന്നു തന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

| | | | | |
|---|---|---|---|---|
| ചതുരം, ത്രികോണം, വൃത്തം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | → ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ-ജൂലൈ | അധ്യാപകർ | |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | → സംഖ്യാപാറ്റേണുകൾ<br>→ നാണയങ്ങൾ, കളിനോട്ടുകൾ ഉപയോഗിച്ച് പാറ്റേണുകൾ നിർമ്മിക്കുന്നു. | ആഗസ്റ്റ് | ക്ലാസ് അധ്യാപകർ | |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | → നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച് നടത്തുന്നു. | ഫെബ്രുവരി-മാർച്ച് | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു നിശ്ചിത സംഖ്യയിൽ നിന്നും ക്രമമായി എണ്ണുന്നു. എഴുതുന്നു. | - നാടകശാല<br>- ഡൈസ് കളി<br>- മഞ്ചാടിക്കരയിലെ ഉത്സവം | ജൂൺ | ക്ലാസ്സ് അധ്യാപകർ | |
| 100 വരെയുള്ള സംഖ്യകളുടെ എണ്ണൽ, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിവയിൽ ശേഷി കൈവരിക്കുക. | - ജ്യാമിതീയ രൂപങ്ങൾ കൊണ്ട് വീടിന്റെ ചിത്രങ്ങൾ<br>- കളിവണ്ടിക്ക് നിറം നൽകാം<br>- വീട് നിർമ്മാണം | ജൂൺ-ജൂലൈ | ക്ലാസ് അധ്യാപകർ | |
| രണ്ടക്ക സംഖ്യകളെ വ്യത്യസ്ത രീതിയിൽ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്നു. | - കൂട്ടിയെഴുതാം<br>- രുചിയുള്ള ജ്യൂസ്<br>- സംഖ്യാമാല പൂർത്തിയാക്കൽ<br>- കാർഡ് കളി | ഓഗസ്റ്റ് | ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| രൂപങ്ങൾ വരയ്ക്കാം.<br>* ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ<br>* ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ | - തോരണം നിർമ്മാണം<br>- തോണി നിർമ്മാണം<br>- വെണ്ടക്കയിൽ പ്രിന്റിംഗ്<br>- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്ത് വച്ചുള്ള രൂപങ്ങൾ കുട്ടികൾ നിർമിക്കുന്നു. | ജൂൺ-ജൂലൈ | ക്ലാസ് അധ്യാപകർ | PTA |
| * ഒരോ കുട്ടിക്കും കണക്കുപെട്ടി, ഗണിതശില്പശാല നിർമ്മിക്കേണ്ടത് | കളിനോട്ടുകൾ, കമ്പ്കെട്ടുകൾ, സംഖ്യാ സ്ട്രിപ്പുകൾ | ആഗസ്റ്റ് | ക്ലാസ് അധ്യാപകർ | |
| പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം | - കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്ലാസ് | സെപ്തംബർ | ക്ലാസ് അധ്യാപകർ | |
| ഗുണന വസ്തുതകൾ പരിചയപ്പെടൽ | - കാർഡ് നിർമ്മാണം<br>- ഗുണനപ്പാട്ട് | സെപ്തംബർ | ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സംഖ്യാബോധം<br>* സംഖ്യകൾ 1000 വരെ എഴുതുന്നു | - സംഖ്യകൾ എഴുതിയ നറുക്ക് നൽകുന്നു. കിട്ടിയ സംഖ്യ വായിക്കുന്നു. മറ്റുള്ളവർ എഴുതുന്നു. | ജൂൺ | ക്ലാസ് അധ്യാപകർ | |
| ഗണിത ചിന്താശേഷി വളർത്തൽ | ഗണിതപസിലുകൾ പരിചയപ്പെടൽ<br>- കുസൃതി ചോദ്യങ്ങൾ ചോദിക്കൽ | ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകർ ഗണിത അധ്യാപകർ | PTA |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം.<br>- പഠനോത്സവത്തിൽ പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് അധ്യാപകർ | PTA |

# English

English is like a special language that many people around the world use to talk, read and write. It has its own sounds, words and rules, just like a fun game. This academic master plan evolves aims to ensure that all students, regardless of their native language, achieve proficiency in English and can access the full curriculam.

| Aim | Activities | Time | Charge | Finance |
|---|---|---|---|---|
| **Picture Card**<br>Simple word introducing provides picture card. | → Teacher shows a picture<br>→ Discussion<br>→ Children talk about the picture. | June | English Teacher | |
| **Dictionary**<br>Arranges word in alphabetical order | → Gives words<br>→ Arranging words in alphabetical order. | July to March | Class Teacher. | |
| **Rhyming words**<br>Identifies rhyming words from the poem. | → plays the audio of song.<br>→ Let the learner sing after the audio<br>→ Discussion<br>→ Identifies rhyming words. | July to September | Class Teacher. | |

| | | | | |
|---|---|---|---|---|
| Comprehend and enjoy simple stories | → story<br>→ Song<br>→ Conversation | June | Class Teacher | |
| English Assembly<br>To read and write english fluently. | → Assembly conducting one in one week.<br>→ | June to March | Class Teacher<br>English Teacher | |
| English Magazine<br>Writing skills in English language | → Conducting activities such as letter writing, poem writing, description etc. in a special days. | June to March | HM<br>English Teacher | SMC<br>PTA |
| English Theater | Presenting lessons in creative formats like skits, dramas, conversation, storytelling etc. | Monthly | Class Teacher | |

| | | | | |
|---|---|---|---|---|
| Create more opportunities for English speaking in the classroom. | - Introduce symbol words<br>- Provides picture cards<br>- Read familiar words<br>- Describes orally short about pictures<br>- Read and write simple words and simple sentences<br>- Introduce symbol picture descriptions | June to March | Class Peaches<br>English Peaches | PTA |
| Create more opportunities for english speaking in the classroom. | - Make riddles<br>- Text book activities<br>- Prepare reading cards<br>- Read and understand simple instructions in the class room. | July to March | English Peaches | |

| | | | | |
|---|---|---|---|---|
| Speak English fluently | -> Read and write simple instructions in the classroom<br>- Encourage digital reading<br>- make picture albums<br>- Picture reading and picture description. | Yearly | Class Teacher | |
| English Diary<br>- English language learning. | - Daily writing in english at home and school. | Three days a week (year-round) | Class Teacher. | |

| | | | | |
|---|---|---|---|---|
| 2023-24 Helping hand project speak easy | → Mastering essential english<br>→ News room Ninja<br>→ Film Frenzy<br>→ Podcast Palooza<br>→ Dialogue Dynamics<br>→ Chat club<br>→ Rating Mastry | June to March | Class Teachers | PTA |
| English Handwriting | → Including student writing from special school events. | Monthly | Class Teacher | |

# പരിസരപഠനം

നമ്മുടെ വിദ്യാർത്ഥികളിൽ പ്രകൃതിയെയും പരിസ്ഥിതിയെയും കുറിച്ചുള്ള അവബോധം വളർത്തുന്നതിനും പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് മനസ്സിലാക്കാനും സുസ്ഥിരമായ ഒരു ഭാവിക്കായി ഉത്തരവാദിത്തമുള്ള പൗരന്മാരാകാനും അവരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ പരിസരപഠനം എന്ന വിഷയത്തിന് പ്രാധാന്യം നൽകുന്നത്. പ്രാദേശികതലത്തിലും വർധിച്ചുവരുന്ന പാരിസ്ഥിതിക വെല്ലുവിളികൾ പരിഗണിച്ച് പ്രകൃതിയുമായി ഇണങ്ങി ജീവിക്കേണ്ടതിന്റെ ആവശ്യകത നമ്മുടെ പാഠ്യപദ്ധതിയുടെ അവിഭാജ്യഘടകമാക്കി മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | → പ്രകൃതി നടത്തം<br>→ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>→ വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം. | ജൂൺ - ഒക്ടോബർ | SRG ഇക്കോ ക്ലബ് അധ്യാപകർ | |
| പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് മരതൈ നടൽ | → പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>→ നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ - മാർച്ച് | ഇക്കോ ക്ലബ് അധ്യാപകർ | |
| പക്ഷിശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | - പൂന്തോട്ടം ഒരുക്കാം<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം നൽകൽ | ജൂൺ - മാർച്ച് | HM ഇക്കോ ക്ലബ് അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക. | - നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കാം<br>- പരിസരങ്ങളിൽ പതിക്കും<br>- ഓരോ ദിവസവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു. | ജൂലൈ-മാർച്ച് | ക്ലാസ് അധ്യാപകർ | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും ജനിപ്പിക്കുന്നു | ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>- ഒന്നാം ക്ലാസിലെ മുട്ടത്തോട് ഭാരം താങ്ങുമോ എന്ന പ്രവർത്തനം<br>- മൂന്ന്, നാല് ക്ലാസുകളിലെ ലഘുപരീക്ഷണങ്ങൾ | ജൂലൈ-മാർച്ച് | ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ദൈനംദിന ഭക്ഷണത്തിൽ എല്ലാ വിഭാഗത്തിലുമുള്ള ആഹാരപദാർത്ഥങ്ങൾ ഉൾപ്പെടണമെന്ന തിരിച്ചറിവ്. | പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുമുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. | നവംബർ- ഡിസംബർ | ക്ലാസ് ടീച്ചർ | CPTA |
| പ്രകൃതി സംരക്ഷണം | → മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>→ വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മ സേനക്ക് കൈമാറൽ | ആഗസ്റ്റ്- സെപ്റ്റംബർ | അധ്യാപകർ | |

# പൊതുവിഷയങ്ങൾ

## പ്രീപ്രൈമറി

അംഗീകൃതമല്ലാത്ത പ്രീപ്രൈമറി സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. ഒരു അധ്യാപികയാണ് ക്ലാസിന്റെ മേൽനോട്ടം വഹിക്കുന്നത്. അത്യാവശ്യം സൗകര്യമുള്ള ക്ലാസ്റൂം ആണ് ഈ പ്രീപ്രൈമറിക്ക് ഉള്ളത്. കുട്ടികൾക്ക് ഓരോരുത്തർക്കും ആവശ്യമായ ഇരിപ്പിടങ്ങളും കളിയുപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

## മാലിന്യസംസ്കരണം

മാലിന്യസംസ്കരണത്തിനായി പാഴ്‌വസ്തുക്കൾ തരംതിരിച്ച് വയ്ക്കുന്നു. പ്രത്യേക ബിന്നുകൾ ഒന്നും ഇല്ലെങ്കിലും മാലിന്യങ്ങൾ തരംതിരിച്ച് ചാക്കുകളിൽ വയ്ക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ എല്ലാ മാസവും ഹരിതകർമ്മസേനക്ക് കൈമാറുന്നു. ക്ലാസ് മുറികളിലെ മാലിന്യം നിക്ഷേപിക്കുന്നതിനായി ഓരോ ക്ലാസിലും ബോക്സുകൾ ഉണ്ട്.

## മത്സര പരീക്ഷയ്ക്ക് സജ്ജമാക്കൽ

LSS, മറ്റ് ക്വിസ് മത്സരങ്ങളിൽ എല്ലാം തന്നെ മികച്ച പരിശീലനം നൽകുന്നു.

## പോഷകാഹാരം

പോഷകാഹാരം സമ്പൂർണ്ണമായി നടപ്പിലാക്കി വരികയാണ്. പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും പോഷകമൂല്യം ഒട്ടും തന്നെ കുറയ്ക്കാതെ കുട്ടികൾക്ക് നൽകിവരുന്നു.

## സമ്മാനപ്പെട്ടി ചോദ്യം

സമ്മാനപ്പെട്ടി ചോദ്യം എന്ന പ്രവർത്തനം മികച്ച രീതിയിൽ സ്കൂളിൽ നടപ്പിലാക്കി വരുന്നു. ഒരു ചോദ്യം അതാത് വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഇടുകയും ഉത്തരം സ്ലിപ്പിൽ എഴുതി കൊണ്ട് വന്ന് സമ്മാനപ്പെട്ടി ബോക്സിൽ നിക്ഷേപിക്കണം. അതാത് ദിവസം നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നു.

## പതിപ്പുകൾ

കുട്ടികളുടെ എഴുത്ത് പ്രോത്സാഹിപ്പിക്കുന്ന പതിപ്പുകൾ തയ്യാറാക്കുന്നു. ഓരോ ദിനാചരണങ്ങ-ളുമായി ബന്ധപ്പെട്ട് ഒരു പതിപ്പ് തയ്യാറാക്കുന്നു.

## ഉപസംഹാരം

കുടവൂർ ഗവ. എം. എൽ. പി. എസ്സ് സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.